(ബി) ഇല്ലെങ്കിൽ ഇത് നിർത്തലാക്കിയത് ഏത് സാഹചര്യത്തിലാണെന്ന് വിശദമാക്കുമോ;

(സി) മുൻപ് നിലവിലുണ്ടായിരുന്ന എൻ.എം.ആർ. വർക്ക് സംവിധാനം ഏതെങ്കിലും തരത്തിൽ പുനസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ റോഡുകളുടെ ഗുണനിലവാരം നിലനിർത്തുന്നതിനും, ഭീമമായ റീ ടാറിംഗ് ചെലവ് ഒഴിവാക്കുന്നതിനും വേണ്ടി പൊതുമരാമത്ത് വകുപ്പിൽ റോഡ് തകർച്ച അപ്പപ്പോൾ പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ & ബി) റോഡുകളിൽ ഉണ്ടാകുന്ന കുഴികളും റോഡു തകർച്ചയും തീർക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുകയ്ക്ക് ഉള്ളിൽനിന്നുകൊണ്ട് മുൻഗണന ലിസ്റ്റ് തയ്യാറാക്കി സ്റ്റേറ്റ് ലെവൽ ടാസ്ക്ഫോഴ്സ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പണികൾ നടത്തിവരുകയാണ് ചെയ്യുന്നത്. മൊബൈൽ റിപ്പയർ യൂണിറ്റ് എന്ന പേരിൽ വളരെ മുമ്പ് പരീക്ഷണാടിസ്ഥാനത്തിൽ കുഴികൾ അടയ്ക്കുന്നതിന് സംവിധാനം ഉണ്ടായിരുന്നുവെങ്കിലും പ്രായോഗികമല്ല എന്ന് കണ്ടതിനാലാണ് അത് നിർത്തലാക്കിയത്.

(സി) ഉദ്ദേശിക്കുന്നില്ല.

(ഡി) റോഡുകളുടെ ഗുണനിലവാരം നിലനിർത്തുന്നതിനും റോഡുതകർച്ച പരിഹരിക്കുന്നതിനും നിലവിലുള്ള സംവിധാനം മതിയാകുമെന്നതിനാൽ പുതിയ പ്രത്യേകമായ സംവിധാനം ഏർപ്പെടുത്തേണ്ട കാര്യമൊന്നും പരിഗണനയിലില്ല.

കെ. എസ്. ടി. പി. പ്രകാരം നിർമ്മാണം പൂർത്തിയായ റോഡുകൾ

51 [648] ശ്രീ. ജോണി നെല്ലൂർ :

,, ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ടി. പി. പ്രകാരം ഇതുവരെ എത്ര കിലോമീറ്റർ റോഡുകളുടെ നിർമ്മാണം പൂർത്തിയായിയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ഇതുവരെ ചെലവഴിച്ച തുകയെത്ര;

(സി) പണി പൂർത്തികരിച്ച ഇനത്തിൽ ഇനിയും കൊടുത്തുതീർക്കാനുള്ള തുക എത്രയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഒന്നാം വർഷ മെയിന്റനൻസിൽ ഉൾപ്പെടുത്തിയ 339.1 കി. മീ. റോഡുകളുടെ പണി പൂർത്തിയായി (13 റോഡുകൾ).

(ബി) മെയിന്റനൻസ് പണികൾക്കായി ഇതുവരെ ആകെ 138 കോടി രൂപ ചെലവായി.

(സി) ബില്ല് സമർപ്പിക്കുന്ന മുറയ്ക്ക് പേയ്മെന്റ് നൽകുന്ന സംവിധാനമാണ് കെ. എസ്. ടി. പി. യിൽ നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly